# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4291 03/02/2014 ൽ മറുപടിയ്ക്ക്

## ചേലക്കര മണ്ഡലത്തിലെ വരവൂർ ഐ.ടി. സി. യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ. കെ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വരവൂർ ഐ.ടി.സി. യുടെ വിവിധങ്ങളായ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ; | (എ) | 31/01/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 97/2010/ പജപവവിവ പ്രകാരം ഐ.റ്റി.സി കെട്ടിടം, ഹോസ്റ്റൽ ഇലക്ട്രിക് അറേഞ്ച്മെന്റ്, മഴവെള്ള സംഭരണി, കുഴൽ കിണർ എന്നിവ നിർമ്മിക്കുന്നതിന് 315 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും എത്ര തുക അതിനായി വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | ഹോസ്റ്റൽ കെട്ടിടത്തിന്റെ എല്ലാ നിലകളുടേയും സ്ട്രക്ച്ചറൽ വർക്ക്, വാട്ടർ ടാങ്കിന്റെ സ്ട്രക്ച്ചർ എന്നിവ പൂർത്തിയായിട്ടുണ്ട്. 35% വർക്ക് പൂർത്തിയായിട്ടുണ്ട്.<br><br>ഐ.റ്റി.സി. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ പ്ലിന്ത് ബീം പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോറിന്റെ റൂഫ് സ്ലാബ് കോൺക്രീറ്റ് വർക്ക് നടന്നു കൊണ്ടിരിക്കുന്നു. 59,41,414/- രൂപ നാളിതുവരെ വിനിയോഗിക്കുകയും 22,28,394/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ തുക നൽകാത്തതിനാൽ കരാറുകാരൻ നിർമ്മാണം നിറുത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ കുടിശ്ശിക തുക വിതരണം ചെയ്ത് എപ്പോൾ പണി ആരംഭിക്കുമെന്നും ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ ? | (ഡി) | വരവൂർ ഐ.ടി.ഐ. കെട്ടിടം പണി ഏൽപ്പിച്ചിരുന്ന കരാറുകാരൻ പണി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ അവശേഷിക്കുന്ന പ്രവൃത്തി ചെയ്യുന്നതിനായി പുതിയ കരാറ് ഉറപ്പാക്കുന്നതിനായി ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ